"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - ന്യൂസ് മലയാളം 24x7 വാർത്താ ചാനലിനെ വകുപ്പിന്റെ വിഷ്വൽ മീഡിയ ലിസ്റ്റിൽ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ഡി) വകുപ്പ്

സ.ഉ.(അച്ചടി) നം.2/2026/I&PRD തീയതി,തിരുവനന്തപുരം, 11-03-2026

പരാമർശം:-
1. 07.01.2019-ലെ സ.ഉ (അച്ചടി) നം. 01/2019/ഐ&പി.ആർ.ഡി
2. 26.02.2021 ലെ സ.ഉ (അച്ചടി) നം. 3/2021/ഐ&പി.ആർ.ഡി
3. 10.08.2021 ലെ സ.ഉ (സാധാ) നം. 126/2021/ഐ&പി.ആർ.ഡി
4. 11.10.2022 ലെ സ.ഉ (അച്ചടി) നം. 2/2022/ഐ&പി.ആർ.ഡി
5. ന്യൂസ് മലയാളം 24x7 ചാനലിനെ വകുപ്പിന്റെ മീഡിയ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ച 03.12.2024 ലെ അപേക്ഷ
6. 30.12.2025 ൽ ചേർന്ന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗതീരുമാനം
7. ന്യൂസ് മലയാളം 24x7 മാനേജിംഗ് ഡയറക്ടറും പി.ആർ.ഡി ഡയറക്ടറും തമ്മിലുള്ള 02.02.2026 തീയതിയിലെ ഡി3/284/2025/ഐ&പി.ആർ.ഡി നമ്പർ റേറ്റ് കോൺട്രാക്റ്റ്
8. 25.02.2026 ലെ സ.ഉ (അച്ചടി) നം. 1/2026/ഐ&പി.ആർ.ഡി

<u>ഉത്തരവ്</u>

സർക്കാർ പരസ്യങ്ങൾ ദൃശ്യമാധ്യമങ്ങളിൽ സംപ്രേക്ഷണം ചെയ്യുന്നതുമായി ബന്ധപ്പെട്ട നയവും നടപടിക്രമങ്ങളും, മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചുകൊണ്ടും, വിഷ്വൽ മീഡിയ ലിസ്റ്റും, പരസ്യനിരക്കും പരിഷ്കരിച്ചുകൊണ്ടും പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിന് തുടർച്ചയായി പരാമർശം (4), (8) സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ന്യൂസ് മലയാളം 24x7 ന്യൂസ് ചാനലിനെ ഐ&പി.ആർ വകുപ്പിന്റെ മീഡിയ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് പരാമർശം (5) പ്രകാരം ചാനലിന്റെ ചെയർമാൻ/മാനേജിംഗ് ഡയറക്ടർ അപേക്ഷ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം നൽകിയിട്ടുള്ള ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരാമർശം (6) പ്രകാരം ചേർന്ന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗത്തിൽ ന്യൂസ് മലയാളം 24x7 ന്യൂസ് ചാനലിന്റെ അപേക്ഷ പരിഗണിക്കുകയുണ്ടായി. പ്രസ്തുത യോഗതീരുമാനത്തിന്റെയും പരാമർശം (7) ലെ റേറ്റ് കോൺട്രാക്റ്റിലെ നിബന്ധനകൾക്ക് വിധേയവുമായി ന്യൂസ് മലയാളം 24x7 ന്യൂസ് ചാനലിനെ വിവര-പൊതുജന സമ്പർക്ക വകുപ്പിന്റെ മീഡിയ ലിസ്റ്റിൽ ഉൾപ്പെടുത്തി പരസ്യനിരക്ക് നിശ്ചയിച്ച് ഉത്തരവാകുന്നു. പ്രസ്തുത പരസ്യനിരക്കിന് മീഡിയാ ലിസ്റ്റ്/പരസ്യനിരക്ക് പരിഷ്കരണം സംബന്ധിച്ച പുതിയ ഉത്തരവ് നിലവിൽ വരുന്നതുവരെ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

| ചാനൽ | വിഭാഗം | നിരക്ക് (രൂപ) (10 സെക്കന്റിന്) | | |
|---|---|---|---|---|
| | | പ്രൈം ടൈം | നോൺ പ്രൈം ടൈം | ലേറ്റ് പ്രൈം ടൈം |
| ന്യൂസ് മലയാളം 24x7 | ന്യൂസ് ചാനൽ | 4290/- | 2145/- | 1073/- |

പരാമർ ശം (2) സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പ്രസ്തുത ചാനലിനും ബാധകമായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

Managing Director, News Malayalam 24x7, XVI/9A, NH Bypass, Nettur Post, Ernakulam-682040
സെക്രട്ടേറിയറ്റിലെ എല്ലാ ഭരണവകുപ്പുകളുടേയും സെക്രട്ടറിമാർക്ക്
സംസ്ഥാന സർക്കാരിന്റെ വകുപ്പ് തലവൻമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം (ആമുഖകത്ത് സഹിതം)
രജിസ്ട്രാർ, കേരള/മഹാത്മാഗാന്ധി/കോഴിക്കോട്/കണ്ണൂർ/കാർഷിക/മലയാളം/ സംസ്കൃത/ ആരോഗ്യ/കേരള സാങ്കേതിക സർവകലാശാല/കുഫോസ്/ കുസാറ്റ്/ കേരള വെറ്ററിനറി ആൻറ് അനിമൽ സയൻസസ്/നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്/സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള (ആമുഖ കത്ത് സഹിതം)
എല്ലാ ബോർഡുകളുടെയും, കോർപ്പറേഷനുകളുടെയും, കമ്മീഷനുകളുടെയും, ഏജൻസികളുടെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും, സ്വയംഭരണ സ്ഥാപനങ്ങളുടെയും ഡയറക്ടർമാർക്ക്/സെക്രട്ടറിമാർക്ക്
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടേയും മാനേജിംഗ് ഡയറക്ടർമാർക്ക്
അക്കൗണ്ടൻറ് ജനറൽ (എ&ഇ) കേരള (ആമുഖകത്ത് സഹിതം)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി/എല്ലാ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ ഒ.എസ്.ടി ക്ക്
ഐ&പി.ആർ.ഡി അഡീഷണൽ ഡയറക്ടർമാർക്ക്
ഐ&പി.ആർ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ സി.എ ക്ക്
ഐ&പി.ആർ.ഡി അക്കൗണ്ട്സ് ഓഫീസർ
പരസ്യം-മാർക്കറ്റിംഗ് വിഭാഗം ഇൻഫർമേഷൻ ഓഫീസർ
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ (ഔദ്യോഗിക വെബ്സൈറ്റുകളിൽ ഉൾപ്പെടുത്തുന്നതിന്)
എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Nizam.
സെക്ഷൻ ഓഫീസർ